പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5474 | 18.11.2019-ൽ മറുപടിയ്ക്ക്

## വാട്ടർ മെട്രോ പദ്ധതിയുടെ നിജസ്ഥിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചിയിലെ പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള വാട്ടർ മെട്രോ പദ്ധതിക്കായുള്ള ബോട്ട് ജെട്ടികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജെട്ടികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചി വാട്ടർ മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽപ്പെട്ട 8 ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള കരാർ നൽകിക്കഴിഞ്ഞു. വൈറ്റിലയിലും, കാക്കനാട്ടും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. |
| (ബി) | ഈ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | 2020 നവംബർ മാസത്തിൽ ആദ്യ സർവ്വീസ് ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ജലമെട്രോ പദ്ധതിക്കുവേണ്ടി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | കൊച്ചി വാട്ടർ മെട്രോ പദ്ധതിയ്ക്കു വേണ്ടി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായ സാമൂഹികാഘാത പഠനം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ